AYURVEDIC HOSPITAL—OFFICER APPOINTED TO SUPERVISE MANUFACTURE OF MEDICINE

54. Mr. K. S. Panicker *(Ezhuvas-Mukundapuram)* :

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു ദയവായി മറുപടി പറയുമോ :—

(എ) രാമവർമ്മ സെൻട്രൽ ആയുർവ്വേദാസ്പത്രിയിൽ മരുന്നുകൾ തയ്യാറാക്കുന്നതു സൂപ്രവൈസ് ചെയ്യാൻ നിയമിക്കപ്പെട്ട മിസ്റ്റർ കാളകണ്ണമേനവന്റെ വൈദ്യസംബന്ധമായ പരീക്ഷായോഗ്യതകൾ എന്തെല്ലാം ;

(ബി) പ്രതിമാസം എത്ര ഉറപ്പിക ശമ്പളത്തിലാണ് അദ്ദേഹത്തെ നിയമിച്ചത് ;

(സി) ഇതിനുമുമ്പു എന്തായിരുന്നു ജോലി; ആ ജോലിക്കു സ്ഥിരശമ്പളം പ്രതിമാസം എത്ര ഉറപ്പികയായിരുന്നു ;

(ഡി) ഗവൺമെണ്ടു നിശ്ചയപ്രകാരമുള്ള വൈദ്യപരീക്ഷായോഗ്യതയും ആയുർവ്വേദാസ്പത്രിയിൽ ഒരു കൊല്ലത്തെ പരിശീലനവും അദ്ദേഹത്തിനുണ്ടോ ; ഇല്ലെങ്കിൽ,

(ഇ) ഗവൺമെണ്ടു നിശ്ചയിച്ചതും ഇതുവരെ പാലിച്ചു വന്നതുമായ ഈ നിശ്ചയങ്ങൾക്കു വിരോധമായി ഇങ്ങിനെ ഇദ്ദേഹത്തെ നിയമിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ; ഉണ്ടെങ്കിൽ എന്തു് ;

(എഫ്) ആയുർവ്വേദ വകുപ്പിൽ സൂപ്രവൈസ്സും അസിസ്റ്റാണ്ടു സൂപ്രവൈസ്സും ഒഴിച്ചു ടി വകുപ്പിൽ ചീഫ് ഫിസിഷ്യൻ ഉൾപ്പടെയുള്ള എല്ലാ വൈദ്യന്മാരുടേയും അവകാശങ്ങളെ അവഗണിച്ചല്ലെ ഈ നിയമനം നടത്തിയതു് ;

(ജി) അങ്ങിനെ പ്രവൃത്തിപ്പാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഐ) മിസ്റ്റർ കാളകണ്ണമേനോനെ ആയുർവ്വേദാസ്പത്രിയിൽ നിയമിച്ചതിനുശേഷം അദ്ദേഹത്തെ മിലിറ്ററി ആവശ്യമായി താറാവിനെ വളർത്തുവാൻ ഇതേശമ്പളത്തിൽ നിയമിക്കുകയുണ്ടായോ ;

(ജെ) ഉണ്ടായിയെങ്കിൽ പിന്നെ എന്താണ് അതു വിട്ടതു് ?

Mr. T. K. Nayar *(Minister for Rural Development)* :

(എ) മിസ്റ്റർ കാളകണ്ണമേനവൻ വൈദ്യസംബന്ധമായ പരീക്ഷ പാസ്സായിട്ടില്ല.

(ബി) ൧൦ ക മുതൽ ൧൫൦ ക. ഗ്രെയിഡിൽ.

(സി) സ്കൂൾ മാസ്റ്റർ, ക. ൩൦.

(ഡി) വൈദ്യപരീക്ഷായോഗ്യതയും ആയുർവ്വേദാസ്പത്രിയിൽ ഒരു കൊല്ലത്തെ പരിശീലനവും സൂപ്രവൈസർ ജോലിക്കു ആവശ്യമില്ല.

(ഇ) ഉത്തരം ആവശ്യമില്ല.

(എഫ്) അല്ല.

(ജി) ഉത്തരം ആവശ്യമില്ല.

(എച്ച്) മിസ്റ്റർ കാളകണ്ണമേനവനെ പ്രതിമാസം ൧൫൫ ക. ശമ്പളത്തിൽ മിലിറ്ററി ഡക്ക് ഫാം സൂപ്രവൈസറായി നിയമിക്കുകയുണ്ടായിട്ടുണ്ടു്.

(എ) ഡക്ക് ഫാം സൂപ്രവൈസറായി നിയമിച്ച അവസരത്തിൽ മിസ്റ്റർ കാളകണ്ണമേനവൻ ദേഹസുഖം ഇല്ലാതെ അവധിയിൽ ആയിരുന്നു. അതുകൊണ്ടു ആ ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചില്ല.

There is some mistake in the answer given. The answer given for sub-division (g) is the answer for (g) and (h).

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എഫ്. ചോദ്യത്തിനു് പറഞ്ഞിട്ടുള്ള 'അല്ല' എന്ന ഉത്തരം ശരിയല്ലെന്നു പറയുകയുണ്ടായി. അതിന്റെ ശരിയായ മറുപടി എന്താണു്?

മിസ്റ്റർ ടി. കെ. നായർ: ഉത്തരത്തിൽ മിസ്റ്റേക്കില്ല. സബ്ഡിവിഷൻ തിരിച്ചതിലാണ് മിസ്റ്റേക്കുള്ളതു്. എഫ്. ചോദ്യത്തിന്റെ മറുപടി ശരിയാണു്. ജി. എന്നു് അച്ചടിച്ച സ്ഥാനത്തു് ജി. ആൻഡ് എച്ച്. എന്നു വേക്കണം. ജി. ക്കും എച്ചിനും കൂടിയുള്ള മറുപടിയാണ് 'ഉത്തരം ആവശ്യമില്ല' എന്നുള്ളതു്. എച്ച്: എന്നു് അച്ചടിച്ച സ്ഥാനത്തു് ഐ. എന്നു വേക്കണം. എ. എന്ന സ്ഥാനത്തു ജെ. എന്നു വേക്കണം. പറഞ്ഞിട്ടുള്ള മറുപടികളെല്ലാം ശരിയാണു്. സബ്ഡിവിഷൻസ് മാത്രമെ മിസ്റ്റേക്കുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇദ്ദേഹത്തെ നിയമിച്ചതു് എന്തവശ്യത്തിനാണു്?

മിസ്റ്റർ ടി. കെ. നായർ: മരുന്നുകൾ ഉണ്ടാക്കുന്നതു് സൂപ്രവൈസ് ചെയ്യുവാൻ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മരുന്നുകൾ ഉണ്ടാക്കുന്നതു ശരിയായും കൃത്യമായും നടത്തുന്നുണ്ടോ എന്നു സൂപ്രവൈസ് ചെയ്യുകയാണോ അദ്ദേഹത്തിന്റെ ജോലി?

മിസ്റ്റർ ടി. കെ. നായർ: മരുന്നുകൾ കൃത്യമായും ശാസ്ത്രപ്രകാരവും ഉണ്ടാക്കുന്നുണ്ടോ, അതിനു നിയമിച്ചിട്ടുള്ള ആളുകൾ മടക്കംകൂടാതെ പണിയെടുക്കുന്നുണ്ടോ എന്നെല്ലാം നോക്കി ആ മരുന്നുകൾ ഉണ്ടാക്കിച്ചു് കൃത്യസമയത്തു് എല്ലാ വൈദ്യശാലകൾക്കും സെയിൽസ് ഡെപ്പോകൾക്കും എത്തിച്ചുകൊടുക്കുകയാണ് ജോലി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിനുമുമ്പു് ആരായിരുന്നു സൂപ്രവൈസ് ചെയ്തിരുന്നതു്?

മിസ്റ്റർ ടി. കെ. നായർ: ഇതു് മുമ്പു് മൂന്നു നാലു സെക്ഷനായിട്ടു തിരിച്ചു് കുറെ ആളുകളെ വെച്ചിരുന്നു. രാഘവ വാര്യർ എന്നൊരാളാണ് ഒരു സെക്ഷനിൽ വർക്ക് ചെയ്തിരുന്നതു്. വേറേയും കുറേപേരുണ്ടായിരുന്നു. അവർക്കൊക്കെ ൨൦-൦ ൨൫-൦ ഉറുപ്പിക വീതം ശമ്പളവും കൊടുത്തിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആയുർവ്വേദ വൈദ്യശാലയിൽ രാഘവ വാര്യരെ വെച്ചിട്ടു് എത്ര കാലമായി?

മിസ്റ്റർ ടി. കെ. നായർ: കൃത്യമായ തിയ്യതി അറിയണമെന്നുണ്ടെങ്കിൽ നോട്ടീസ് വേണം. കുറച്ചുകാലമായിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹം ഒരു വൈദ്യനല്ലേ?

മിസ്റ്റർ ടി. കെ. നായർ: അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹത്തിനു് എത്ര ശമ്പളമാണു കൊടുത്തിരുന്നതു്?

മിസ്റ്റർ ടി. കെ. നായർ: നൂ൦ക.യാണു്. കൂടാതെ അഞ്ചോ പത്തോ ഉറുപ്പിക ഹൌസ് അലവൻസായൊ മറേറാ കൊടുത്തിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നൂ൦ക. ശമ്പളത്തിൽ ഒരു വൈദ്യൻ സൂപ്രവൈസ് ചെയ്തിരുന്ന സ്ഥാനത്തു് സ്റ്റോർ മാസ്റ്ററായിരുന്ന ഒരാളെ വ൦ മുതൽ ൧൦൦ക. വരെ ശമ്പളത്തിൽ നിയമിക്കുവാനുള്ള കാരണമെന്താണു്?

മിസ്റ്റർ ടി. കെ. നായർ: സെക്ഷനായിട്ടു തിരിച്ചു് ൨൦൴൦, നൂ൦-൦ക. ശമ്പളം കൊടുത്തു് ഔഷധനിർമ്മാണത്തിനു് ഏർപ്പാടു ചെയ്തിരുന്നതു ശരിയായി മരുന്നുകളുണ്ടാക്കി ഓരോ സ്ഥലങ്ങളിൽ എത്തിക്കുവാൻ സാധിക്കുന്നില്ലെന്നു കണ്ടതുകൊണ്ടാണു് അതിനു പ്രാപ്തനായ ഒരാളെ നിയമിച്ചിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹത്തിനു പ്രാപ്തിയുണ്ടെന്നു് എങ്ങിനെ മനസ്സിലായി?

മിസ്റ്റർ ടി. കെ. നായർ: യാദൃച്ഛികമായി അദ്ദേഹം സ്റ്റോർമാസ്റ്റർ ജോലിയിൽ ഏർപ്പെട്ടുവെന്നേയുള്ളു. എന്താണ്ടു് ൨൫ വയസ്സുമുതൽ വൈദ്യത്തിനു പരിശീലിച്ചിട്ടുള്ള ഒരാളാണു് അദ്ദേഹമെന്നുള്ളതു് എല്ലാവർക്കും അറിയാം. മരുന്നുകളുണ്ടാക്കുന്ന വിഷയത്തിൽ അദ്ദേഹത്തിനു ധാരാളം പരിചയമുണ്ടു്. ഏറണാകുളത്തു പ്രസിദ്ധിപ്രാപിച്ചിട്ടുള്ള ഒരു വൈദ്യനാണു് അദ്ദേഹം. സാധാരണ എല്ലാവർക്കും പറഞ്ഞുവരുന്ന മാതിരി വൈദ്യത്തിലുള്ള ചാൻസ് അദ്ദേഹത്തിനു കിട്ടാത്തതുകൊണ്ടു് സ്റ്റോർ മാസ്റ്റർ ജോലിയിൽ ഏർപ്പെട്ടതാണു്. സ്റ്റോർ മാസ്റ്ററായിരിക്കാനുംകൂടി പ്രാപ്തിയുള്ള ആളാണു് അദ്ദേഹം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവർമ്മെണ്ടു നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യതയില്ലാത്ത ആളെ ഫാർമസിസ്റ്റായി നിയമിക്കുന്നതിനു് എക്സംപ്ഷൻ ഉണ്ടായിരുന്നോ?

മിസ്റ്റർ ടി. കെ. നായർ: അദ്ദേഹം ഫാർമസിസ്റ്റല്ല. സൂപ്രവൈസറാണു്. സൂപ്രവൈസർ ജോലിക്കു് പരീക്ഷായോഗ്യതയും ആയുർവ്വേദാശുപത്രിയിൽ ഒരുകൊല്ലത്തെ പരീശീലനവും ഒന്നും ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സൂപ്രവൈസിംഗ് ഫാർമസിസ്റ്റൻ എന്നാണു് അദ്ദേഹത്തിന്റെ ജോലിക്കു പേർ കൊടുത്തിരിക്കുന്നതു്.

മിസ്റ്റർ ടി. കെ. നായർ: സൂപ്രവൈസിംഗ് ഫാർമസിസ്റ്റൻ എന്നാണു് പേരു്. വൈദ്യനായി പരിശീലനം നടത്തുവാൻ അദ്ദേഹത്തിനു ഗവർമ്മെണ്ടിന്റെ സാങ്ഷൻ കിട്ടീട്ടുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹം ആയുർവ്വേദ ഡിപ്പാർട്ടുമെണ്ടിലെ ഒരു വൈദ്യനെന്നുള്ള നിലക്ക് സൂപ്രണ്ടിന്റേയോ അസിസ്റ്റണ്ടുസൂപ്രണ്ടിന്റേയോ സ്ഥാനത്തു വരുവാൻ ഉടവരുമോ?

മിസ്റ്റർ ടി. കെ. നായർ: അങ്ങിനെ വേണ്ടിവരികയാണെങ്കിൽ അതിനു് എക്സംപ്ഷൻ കൊടുക്കുവാൻ തടസ്സമില്ല. ഇപ്പോൾ ആവക ആലോചനയൊന്നുമില്ല. മേലിട്ടറി ഡക്ക്ഹാം സൂപ്രവൈസറായി അദ്ദേഹത്തെ തിരഞ്ഞെടുത്തതുകൊണ്ടുതന്നെ അദ്ദേഹം സ്കൂൾ മാസ്റ്റർ ജോലിക്കു മാത്രമല്ല പ്രാപ്തനെന്നും, വൈദ്യനായിരിക്കുവാനും ഡക്ക്ഹാം സൂപ്രവൈസറായിരിക്കുവാനും യോഗ്യനാണെന്നും തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണു് അദ്ദേഹത്തെ ഇങ്ങോട്ടേക്കു് എടുക്കുവാൻ ഇടയായതു്. (ഹിയർ, ഹിയർ)

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സ്വാധീനശക്തിയുള്ള ഒരാളായതുകൊണ്ടു് ഏതെങ്കിലും തരത്തിൽ അദ്ദേഹത്തിനു് ഉദ്യോഗക്കയറ്റം കൊടുക്കണമെന്നകരുതി കൊടുത്തിട്ടുള്ളതാണെന്ന മാത്രമേ ഇതിനു് അർത്ഥമുള്ളൂ.

മിസ്റ്റർ ടി. കെ. നായർ: അദ്ദേഹത്തിനു് സ്വാധീനശക്തി എത്രകണ്ടു് ഉണ്ടായിരുന്നുവെന്നു നിശ്ചയമില്ല.

Mr. C. V. Iyyu *(Kunnamkulam):* May I know whether he is a graduate and if so what is his subject?

Mr. T. K. Nayar *(Minister for Rural Development):* Zoology, second class

Mr. C. V. Iyyu *(Kunnamkulam):* Is any extract of ducks manufactured in the Ayurvedic Pharmacy.

Mr. T. K. Nayar *(Minister for Rural Development):* If that is found to be a good tonic the Ayurvedic Department may take it up.

Mr. C. V. Iyyu *(Kunnamkulam):* Has he made any researches in Chemistry?

Mr. T. K. Nayar *(Minister for Rural Development):* I want notice.

Mr. C. V. Iyyu *(Kunnamkulam):* May I know whether there is any chemical laboratory to analyse the Ayurvedic Drugs manufactured in the Central Ayurvedic Hospitals?

Mr. T. K. Nayar *(Minister for Rural Development):* There is no Laboratory in the Ayurvedic Hospital, although the Superintendent wanted one. There is a laboratory in the Maharaja's college and the testing is done there.

Ms. C. V. Iyyu *(Kunnamkulam):* What is the necessity of an Ayurvedic Physican who is only a Zoology graduate who has no expert knowledge in the Ayurveda and who only pretents to be a jack of all trades.

Mr. T. K. Nayar *(Minister for Rural Development):* I have not admitted that. He is an expert physician and he knows how to manufacture Ayurvedic medicines.

Mr. K. T. Achyuthan *(Ezhuvas-Talappalli):* May I know whether he has any certificate from any responsible officer that he is qualified for the work.

Mr. T. K. Nayar *(Minister for Rural Development):* Government have enquired into the matter and have satisfied themselves that he is an expert Ayurvedic physician.

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ: തൈക്കാട്ടു മൂസ്സ്, വയ്യൂര മൂസ്സ് എന്നിവർ വൈദ്യവിദഗ്ദ്ധന്മാരാണെന്നു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: വളരെ ബോദ്ധ്യമുണ്ടു്.

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ: അവർ എന്തെങ്കിലും പരീക്ഷകളും പസ്സായിട്ടുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: പാസ്സായിട്ടില്ല. സർട്ടിഫിക്കറ്റുകളും കൊടുക്കുവാൻ അവരെ ഏർപ്പാടുചെയ്തിട്ടുണ്ടു്.

Mr. K. T. Achuthan *(Ezhuvas-Talappalli):* May I know whether he has any special qualification in Sanskrit. What is his second language.

Mr. T. K. Nayar *(Minister for Rural Development):* I want notice.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹത്തിന്റെ അപേക്ഷ ഉണ്ടായിരുന്നുവോ?

മിസ്റ്റർ ടി. കെ. നായർ: അപേക്ഷ ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പിന്നെ എങ്ങിനെയാണു് ഗവർമ്മെണ്ടു് എൻകയറി നടത്തിയതു്?

മിസ്റ്റർ ടി. കെ. നായർ: വൈദ്യശാലയിൽ മരുന്നുകളുണ്ടാക്കി ശരിയായ സമയത്തു പുറത്തേക്കു കൊടുക്കേണ്ട കാര്യത്തിൽ സൂപ്രവൈസിംഗ് ഫിസിഷനായി ഒരു നല്ല ആൾ വേണം. അതിനുവേണ്ടി ഗവർമ്മെണ്ടിൽനിന്നും പല ആലോചനകളും നടത്തിയതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി കാളകണ്ണമേനോൻ നല്ല ആളാണെന്ന കണ്ടുകൊണ്ടാണ് അദ്ദേഹത്തെ വെച്ചതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വിദ്യാഭ്യാസമേലധ്യക്ഷനാണോ ഇദ്ദേഹത്തെ ശുപാർശ ചെയ്തതു്?

മിസ്റ്റർ ടി. കെ. നായർ: ഞാൻ പറഞ്ഞതിൽ അങ്ങിനെയുള്ള ഒരർത്ഥം വരുന്നില്ല.

Mr. K. T. Achyuthan *(Ezhuvas-Talappalli)*: May I know whether the post was advertised?

Mr. T. K. Nayar *(Minister for Rural Development)*: It was not advertised.

Mr. C. V. Iyyu *(Kunnamkulam)*: May I know whether the Government fixed the idea of providing this post in consultation with the Ayurvedic Board appoined there?

Mr. T. K. Nayar *(Minister for Rural Development)*: The Superintendent made a recommendation. I want notice whether the Superintendent actually consulted the Ayurvedic Board. There is a recommendation that the post is absolutely necessary.

Mr. C. V. Iyyu *(Kunnamkulam)*: Did the Superintendent recommend Kalakandha Menon himself?

Mr. T. K. Nayar *(Minister for Rural Development)*: He did not recommend.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പരീക്ഷിച്ചു് ടെസ്റ്റ് ചെയ്ത എൻകയറി നടത്തി എന്നെല്ലാം പറഞ്ഞുവല്ലോ? ആരാണു് ആ എൻകയറി നടത്തിയതു്?

മിസ്റ്റർ ടി. കെ. നായർ: ഗവമ്മെണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആയുർവ്വേദാശുപത്രിയിൽനിന്നും വൈദ്യവിഷയത്തിൽ വേണ്ടുവോളം പരിചയമുള്ള ആളാണോ അന്വേഷണം നടത്തിയതു്?

മിസ്റ്റർ ടി. കെ. നായർ: ആ ജോലിയിൽ ഇരിക്കുവാൻ കഴിവുള്ളവർ ആരാണെന്നുള്ളതു കണ്ടുപിടിക്കുവാൻ ത്രാണിയുള്ള ആളാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആയുർവ്വേദാശുപത്രിയിൽ വൈദ്യ പരിശീലനം കഴിച്ചു് സമർത്ഥന്മാരായിട്ടുള്ള ആരെങ്കിലും ആ ഡിപ്പാർട്ടുമെണ്ടിൽനിന്നും ഇദ്ദേഹത്തിന്റെ കാര്യത്തിൽ ശുപാർശ ചെയ്തിട്ടുണ്ടോ?

മിസ്റ്റർ ടി. കെ. നായർ: എല്ലാ കാര്യങ്ങളിലും അവരുടെ പി�ൻതാങ്ങും ശുപാർശയും വേണമെന്ന ഗവമ്മെണ്ടു വിചാരിക്കുന്നില്ല.

Mr. C. V. Iyyu *(Kunnamkulam)*: Is he not an expert in Ayurveda?

Mr. T. K. Nayar *(Minister for Rural Development)*: Who?

Mr. C. V. Iyyu *(Kunnamkulam)*: The Ayurvedic Superintendent.

Mr. T. K. Nayar *(Minister for Rural Development)*: Yes.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എക്സ് പട്ടിന്റെ അഭിപ്രായംകൂടി ചോദിച്ചറിഞ്ഞിട്ടുണ്ടോ ഈ കാര്യത്തിൽ?

മിസ്റ്റർ ടി. കെ. നായർ: അതിന്റെ ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരോടു് ഇതിന്റെ അഭിപ്രായം ചോദിക്കുവാൻ എന്തായിരുന്നു തടസ്സം?

മിസ്റ്റർ ടി. കെ. നായർ: തടസ്സമൊന്നുമില്ല, പക്ഷെ ഈ കാര്യത്തിൽ അങ്ങിനെയല്ല വിചാരിക്കുന്നതു്.

Mr. C. V. Iyyu *(Kunnamkulam)*: Did the Government seek the advice of the Ayurvedic Board regarding his appointment?

Mr. T. K. Nayar *(Minister for Rural Development)*: Why should the Government seek the advice. The Superintendent has recommended.

Mr. C. V. Iyyu *(Kunnamkulam)*: Has the Superintendent recommended this man?

Mr. T. K. Nayar *(Minister for Rural Developmen)*: The Superintendent has requested for the appointment of a manufacturing physician there as there had been several complaints for the past one or two years that the manufacture was not been done properly. There was no question of referring the matter to the Ayurvedic Board.

Mr. C. V. Iyyu *(Kunnamkulam)*: The Hon'ble Minister says that the Superintendent did not request that Mr. Kalakandha Menon should be appointed.

Did the Government seek the advice of the Ayurvedic Board ?

Mr. T. K. Nayar *(Minister for Rural Development)*: We are not in the habit of referring such matters to Ayurvedic Board. Government do not concede that it is the duty of the Government to refer to the board in the selection of certain personalities.

LIBRARY ARCHIVES Kerala Legislative Assembly

Mr. President: I think the House has spent quite long enough on this question. We shall pass on to the next question.

Rama Varmha Tampuran *(Secretary to Government):* May I answer the two questions 55 & 56 together.

Mr. President: Yes.

SECRETARY AND JOINT SECRETARIES TO GOVERNMENT—SALARIES OF

55. Mr. K. Narayana Menon *(Mulakunnathukavu):* Will Government be pleased to state.—

(*a*) whether they were pleased to revise the salaries of the Secretary to Government and the Joint Secretary to Government;

(*b*) will Government please state what the present salaries of these officers are and when the same were enhanced?

Rama Varmha Tampuran *(Secretary to Government):*

(*a*) Yes.

(*b*) Secretary to Government, Rs. 550—800.

Joint Secretaries to Government, Rs. 450—600.

The pay of the officers was revised with effect from 1st Makaram 1119.

JOINT SECRETARIES TO GOVERNMENT AND ASSISTANT SECRETARIES—SALARIES OF

56. Mr. K. Narayana Menon *(Mulakunnathukavu):* Will Government be pleased to state the number of Joint Secretaries (Junior and Senior if any gradation exists) Assistant Secretaries (Junior and Senior if any) now working in the Huzur Secretariat with their respective salaries?

Rama Varmha Tampuran *(Secretary to Government):*

Joint Secretaries, 2	Pay	..	Rs. 450—600
Deputy Secretary	Pay	..	Rs. 300—400.
Assistant Secretaries, 3.	Senior	..	Rs. 200—250.
	Junior	..	Rs. 150—200.
	Temporary	..	Rs. 150—200.

The Senior Assistant Secretary is given a personal grade of Rs. 200—300 and Junior man Rs. 150—250.

Mr. K. Narayana Menon *(Mulakunnathukavu):* Why was this personal allowance granted?

Rama Varmha Tampuran *(Secretary to Government):* It is only a personal grade because the Senior Assistant Secretary was drawing Rs. 250 as Municipal Commissioner in Trichur. It was thought that it will not be fair to deprive him of the pay he was getting then. So he was given. The Junior Assistant Secretary before he was appointed as Assistant Secretary was a Sub-Magistrate. The pay of that post was revised later and he naturally complained that if he had stuck to the Criminal judiciary he would have had corresponding benefits there. Not to deprive him of the higher grade he was given a little higher grade as personal allowance.

Mr. K. Narayana Menon *(Mulakunnathukavu):* May I know with reference to Circular 12/19 which was placed on the table in answer to a certain question whether the revision of salaries as mentioned in answer to question 55 was under the contemplation of the Government then.

Rama Varmha Tampuran *(Secretary to Government):* As a matter of fact the circular was issued later. This was not done as part of the general revision. It was considered that there was some anomaly, with regard to the pay of the Secretary which was less than Rs. 800 maximum. While the Chief Engineer, the Director of Public Instruction, Director of Public Health and Panchayats, etc., were drawing Rs. 800, it was thought that the maximum pay of Secretary to Government should also be Rs. 800. It was on that ground that that was sanctioned.

With regard to Joint Secretaries their pay was reduced to Rs. 350—500 about 2 years ago. Since then the work has increased very much and their responsibility too has correspondingly increased. It was therefore thought that Government should restore to them their grade Rs. 450—600. These were the reasons that induced the Government to give these grades to these 3 officers. Therefore even if there was that circular the order would have been correct. As a matter of fact the circular was issued after the orders were passed.

Mr. K. Narayana Menon *(Mulakunnathukavu):* May I take it that the abnormal conditions and cost of living have no bearing on the raising and lowering of salaries.

LIBRARY ARCHIVES Kerala Legislative Assembly